**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3451** **15-02-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ല എച്ച്.എസ്സ്.എ. മാത്തമറ്റിക്സ് റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ല എച്ച്.എസ്സ്.എ. മാത്തമാറ്റിക്സ് റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നു; ഇതിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ല എച്ച്.എസ്.എ മാത്തമാറ്റിക്സ് റാങ്ക് ലിസ്റ്റ് 23.06.2023 ന് നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭ്യമായ 45 പേരും ജോലിയിൽ പ്രവേശിച്ചതിനാൽ എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് നടത്തിയതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു; അതിലെ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ല എച്ച്.എസ്.എ മാത്തമാറ്റിക്സ് റാങ്ക് ലിസ്റ്റ് 23.06.2023 ന് നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭ്യമായ 45 പേരും ജോലിയിൽ പ്രവേശിച്ചതിനാൽ എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടായിട്ടില്ല. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് മുതൽ 2024 മാർച്ച് 31 വരെ ഈ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം എത്രയാണ്; ഇതിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു എന്നറിയിക്കാമോ; ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് മുതൽ 2024 മാർച്ച് 31 വരെ 9 ഒഴിവുകളാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ 7 ഒഴിവുകൾ കേരള പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ഒഴിവുകളിൽ ഒന്ന് പ്രൈമറി അധ്യാപകരുടെ പ്രൊമോഷനും ഒന്ന് അന്തർ ജില്ലാ സ്ഥലംമാറ്റത്തിനും മാറ്റിവച്ചിരിക്കുന്നു. |
| (ഡി) | ഈ റാങ്ക്ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലും എത്ര വീതം പട്ടിക ജാതിക്കാർ ഉണ്ട്; പട്ടികജാതി വിഭാഗത്തിൽ നിന്നും എത്രപേരെ ഈ റാങ്ക് ലിസ്റ്റ് പ്രകാരം ഇത് വരെ നിയമിച്ചു; വിശദമാക്കാമോ? | (ഡി) | റാങ്ക്ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിൽ എസ്.സി. ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടില്ല. സപ്ലിമെന്ററി ലിസ്റ്റിൽ 11 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 9 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ